ചെറുകുളത്തു ഒരു പാലം പണിയുവാൻ നടപടി

379 [710] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട കക്കോടി പുഴക്ക് ചെറുകുളത്ത് ഒരു പാലം പണിയുവാൻ വേണ്ട എന്തെങ്കിലും പ്രാഥമിക നടപടികൾ ഇതിനകം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കി വരുന്നു.

പി.ഡി. റോഡിൽ 41–ാം മൈൽ പാലം പണിയുന്നതിന് നടപടി

380 [711] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ പി.ഡി. റോഡിൽ ചിന്നാർ 41–ാം മൈലിൽ പാലം പണിയുന്നതിന് കരാർ ചെയ്തിരുന്ന കരാറുകാരൻ മരണപ്പെടുകയുണ്ടായോ;

(ബി) എങ്കിൽ പ്രസ്തുത പണി വീണ്ടും ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ജോലിയുടെ ശരിയായ പേര് പി.ഡി. റോഡിൽ കി.മീ 14/400–ൽ ചിന്നാർ എന്ന സ്ഥലത്തുള്ള പാലം പുതുക്കി പണിയുക എന്നാണ്. ഇതിന്റെ കരാറുകാരൻ മരിച്ചുപോയി.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

പാലക്കടവ് ചപ്പാത്തിന്റെ പണി

381 [713] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) നെയ്യാറിൻകര മുനിസിപ്പൽ അതിർത്തിയിലെ പാലക്കടവ് ചപ്പാത്തിന്റെ എസ്റ്റിമേറ്റും പ്ലാനും തയ്യാറായോ;

(ബി) അതിന്റെ പണി ഉടനടി തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly